സംസ്ഥാനത്തെ മൊത്തം ബാർ ഹോട്ടലുകളുടേയും കള്ളുഷാപ്പുകളുടേയും എണ്ണം

10 [1727] ശ്രീ. കെ. സുധാകരൻ :

" കെ. സി. ജോസഫ് :

" എം. മുരളി :

" എം. പി. ഗംഗാധരൻ :

" ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ഏപ്രിൽ 1-ന് സംസ്ഥാനത്ത് എത്ര വിദേശമദ്യ വില്പനക്കടകളും ബാർ ഹോട്ടലുകളും കള്ളുഷാപ്പുകളും ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തീയതിയിൽ കേരള ബിവറേജസ് കോർപ്പറേഷനും സംസ്ഥാന കൺസ്യൂമർ ഫെഡറേഷനും എത്ര വിദേശമദ്യ വില്പന കേന്ദ്രങ്ങൾ ഉണ്ടായിരുന്നു ;

(സി) 2004 ഡിസംബർ 31-ന് സംസ്ഥാനത്ത് എത്ര വിദേശമദ്യ വില്പന കടകളും ബാർ ഹോട്ടലുകളും കള്ളുഷാപ്പുകളുമുണ്ടായിരുന്നു ;

(ഡി) പ്രസ്തുത തീയതിയിൽ സംസ്ഥാന ബിവറേജസ് കോർപ്പറേഷനും സംസ്ഥാന കൺസ്യൂമർ ഫെഡറേഷനും എത്ര വിദേശമദ്യവിൽപ്പന കേന്ദ്രങ്ങളുണ്ടായിരുന്നു ?

ഉത്തരം

(എ) വിദേശമദ്യ വിൽപ്പന ശാലകൾ 245, ബാർ ഹോട്ടലുകൾ 458, കള്ളുഷാപ്പുകൾ 5972.

(ബി) പ്രസ്തുത തീയതിയിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനുണ്ടായിരുന്ന വിൽപ്പന ശാലകൾ 198, സംസ്ഥാന കൺസ്യൂമർ ഫെഡറേഷനുണ്ടായിരുന്ന വില്പന ശാലകൾ 46.

(സി) 2004 ഡിസംബർ 31-ന് സംസ്ഥാനത്ത് ഉണ്ടായിരുന്ന വിദേശമദ്യ വില്പന ശാലകൾ 351, ബാർ ഹോട്ടലുകൾ 512, കള്ളുഷാപ്പുകൾ 4362.

(ഡി) പ്രസ്തുത തീയതിയിൽ സംസ്ഥാന ബിവറേജസ് കോർപ്പറേഷന് 305-ഉം സംസ്ഥാന കൺസ്യൂമർ ഫെഡറേഷന് 46-ഉം വിദേശമദ്യവിൽപ്പന ശാലകളുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly